തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUDS 7102

## എം. എ. വികസനപഠനവും തദ്ദേശവികസനവും

# സാമൂഹ്യശാസ്ത്രത്തിന് ഒരാമുഖം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ബഹു ഭർത്തൃത്വം
2. ജനസംഖ്യാശാസ്ത്രം
3. ഫ്രീ റൈഡർ പ്രശ്നം
4. മാൽത്തൂസിന്റെ ജനസംഖ്യാസിദ്ധാന്തം
5. പിതൃദായക്രമം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നാടോടി ജീവിതത്തിൽ നിന്ന് സാമൂഹിക ജീവിതത്തിലേക്കുള്ള മനുഷ്യന്റെ പരിവർത്തനത്തെക്കുറിച്ച് വിവരിക്കുക.
7. കേരളത്തിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കുക.
8. ലോകമഹായുദ്ധങ്ങൾ ലോകസാമൂഹിക രാഷ്ട്രീയ സാഹര്യങ്ങളിൽ കൊണ്ടുവന്ന മാറ്റങ്ങളെ വിലയിരുത്തുക.
9. കമ്പോളാധിഷ്ഠിക സാമ്പത്തിക ഘടനയുടെ ബാഹ്യ ഫലങ്ങളെ വിലയിരുത്തുക.
10. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ച കേരളത്തിലെ സാമൂഹിക പരിസ്ഥിതിയെ എങ്ങനെ സ്വാധീനിച്ചു എന്ന് പരിശോധിക്കുക.
11. സാമൂഹിക ശാസ്ത്രത്തിന്റെ ആവിർഭാവത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.



12. സാമൂഹിക വികസനത്തിൽ സാങ്കേതിക വിദ്യക്കുള്ള പങ്ക് വിശദീകരിക്കുക.
13. സാമൂഹ്യശാസ്ത്രത്തിന്റെ അന്തർ വൈജ്ഞാനിക സ്വഭാവത്തെ കുറിച്ച് വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാമൂഹ്യശാസ്ത്രത്തിന്റെ ആശയം നിർവചനം വ്യാപ്തി എന്നിവ വിശദീകരിക്കുക.
15. പരിസ്ഥിതി സംരക്ഷണത്തിൽ അന്താരാഷ്ട്ര പരിസ്ഥിതി ഉടമ്പടികളുടെ പങ്ക് പരിശോധിക്കുക.
16. സാമൂഹ്യശാസ്ത്രപഠനത്തിൽ ഭൂവിജ്ഞാനീയ സംവിധാനത്തിന്റെ പ്രസക്തി വിവരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU DS 7103

## എം. എ. വികസനപഠനവും തദ്ദേശവികസനവും

# വികസനപഠനത്തിന് ഒരാമുഖം

സമയം: 3 മണിക്കൂർ　　　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വികേന്ദ്രീകരണം
2. എത്തനോസെൻട്രിസിസം
3. എം. പി. ഐ (MPI)
4. ഗിനി ഗുണാങ്കം
5. ഹെഡ്കൗണ്ട് റേഷ്യോ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ജനസംഖ്യാപരിവർത്തന സിദ്ധാന്തം വിശദീകരിക്കുക.
7. സെൻ ഭഗവതി സംവാദം എന്താണ്?
8. അമർത്യസെന്നിന്റെ കാഴ്ചപ്പാടിൽ എന്താണ് വികസനം?
9. എന്താണ് കുസ്നട്ടിന്റെ തലകീഴായ 'U' പരികൽപ്പന?
10. UN ന്റെ സുസ്ഥിരവികസനം ലക്ഷ്യങ്ങൾ ചർച്ച ചെയ്യുക.
11. വളർച്ചയുടെ പരിധിമാതൃക ചർച്ച ചെയ്യുക?
12. ഒപ്റ്റിമം ജനസംഖ്യ സിദ്ധാന്തം എന്താണ്?



13. താഴെപ്പറയുന്ന സ്ഥിതിവിവരണക്കണക്കിൽ നിന്ന് HDI കണക്ക് കൂട്ടുക.

| വിഭാഗം | സൂചിക | താഴ്ന്ന മൂല്യം | ഉയർന്ന മൂല്യം |
|---|---|---|---|
| ആരോഗ്യം | ആയുർദൈർഘ്യം | 20 | 85 |
| വിദ്യാഭ്യാസം | പ്രതീക്ഷിത സ്കൂൾ പഠന കാലഘട്ടം | 0 | 18 |
| | സ്കൂളിൽ ചെലവഴിച്ച ശരാശരി വർഷം | 0 | 15 |
| വരുമാനം | പ്രതിശീർഷ വരുമാനം | 100/- | 75,0000/ |

| സൂചിക | മൂല്യം |
|---|---|
| ആയൂർദൈർഘ്യം | 72.3 |
| പ്രതീക്ഷിത സ്കൂൾപഠന കാലഘട്ടം | 11.2 |
| സ്കൂളിൽ ചെലവഴിച്ച ശരാശരി വർഷം | 8.1 |
| **പ്രതിശീർഷ വരുമാനം** | **4057/-** |

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഗാന്ധിയുടെ സുസ്ഥിരവികസന കാഴ്ചപ്പാട് വിവരിക്കുക അത് അംബേദ്കറുടെ കാഴ്ചപ്പാടിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
15. വികേന്ദ്രീകരണത്തിലൂന്നിയുള്ള വികസനത്തെ മാർക്സിസ്റ്റ് ലിബറൽ ഗാന്ധിയൻ കാഴ്ചപ്പാടിൽ വിശദീകരിക്കുക
16. കിഴക്കൻ ഏഷ്യൻ അത്ഭുതം എന്താണ്? വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU DS 7104

## എം. എ. വികസനപഠനവും തദ്ദേശവികസനവും

# ആധുനിത കേരളത്തിന്റെ രൂപീകരണം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മലബാർ മാന്വൽ
2. തിണസങ്കൽപ്പം
3. ക്ഷേത്ര പ്രവേശനവിളംബരം
4. നിവർത്തനപ്രക്ഷോഭം
5. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കോളനീകരണത്തിന് ആക്കംകൂട്ടിയ യൂറോപ്പിലെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം പരിശോധിക്കുക.
7. കുടിയേറ്റം കേളത്തിന്റെ സാമൂഹിക സാമ്പത്തികരംഗങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തുക.
8. കോളനി ഭരണത്തിനെതിരായ ആദ്യകാല ചെറുത്തുനിൽപ്പുകൾ എന്ന നിലയിൽ കുഞ്ഞാലി മരയ്ക്കാന്മാരുടെ നാവിക പ്രതിരോധങ്ങൾ, കുളച്ചൽയുദ്ധം എന്നിവ വിലയിരുത്തുക.
9. കേരളത്തിലെ സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങളിലെ സ്ത്രീപങ്കാളിത്തം ചർച്ച ചെയ്യുക.
10. ഭൂപരിഷ്ക്കരണം കേരളത്തിലെ സാമൂഹികബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?



11. മലബാറിലെ കാർഷികസമരങ്ങളുടെ രാഷ്ട്രീയ - സാമ്പത്തിക പശ്ചാത്തലം വിശദമാക്കുക.
12. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനം കേരളത്തെ എങ്ങനെയാണ് സ്വാധീനിച്ചത്.
13. കേരളവികസനമാതൃക നേരിടുന്ന സമകാലിക വെല്ലുവിളികൾ പരിശോധിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ സാമൂഹിക മത നവീകരണപ്രസ്ഥാനങ്ങൾ വഹിച്ച പങ്കെന്ത്?
15. യൂറോപ്യൻശക്തികളുമായുള്ള വ്യാപാരബന്ധവും കോളനീകരണവും കേരളത്തിന്റെ സാമൂഹിക - സാമ്പത്തിക രാഷ്ട്രീയ രംഗത്ത് ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ പരിശോധിക്കുക.
16. പ്രാദേശിക ചെറുത്തുനിൽപ്പുകളുടെ സാമ്പത്തിക രാഷ്ട്രീയമാനങ്ങൾ പഴശ്ശി, വേലുത്തമ്പിദളവ എന്നിവരുടെ പോരാട്ടങ്ങളെ മുൻനിർത്തി ഉപന്യസിക്കുക.

******

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഒരു കോളേജിലെ ആകെയുള്ള അഞ്ചു വ്യത്യസ്ത വകുപ്പുകളിലെ വിദ്യാർത്ഥികൾക്ക് മലയാളത്തിന് ലഭിച്ച ശരാശരി മാർക്കും വിദ്യാർത്ഥികളുടെ എണ്ണവും കൊടുക്കുന്നു. ആ കോളേജിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ശരാശരി മാർക്ക് കണ്ടുപിടിക്കുക.

| വകുപ്പ് | കുട്ടികളുടെ എണ്ണം | മാർക്ക് |
|---|---|---|
| എ | 40 | 56 |
| ബി | 25 | 68 |
| സി | 25 | 50 |
| ഡി | 30 | 43 |
| ഇ | 150 | 25 |

ലഭിച്ച റിസൽട്ടിനെ ഏത് രീതിയിൽ വ്യാഖ്യാനിക്കാം. പഠനം കാര്യക്ഷമമാക്കാനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ എഴുതുക.

15. ഒരു പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സർവ്വേയിൽ നിന്ന് ലഭിച്ച കണക്കു പ്രകാരം 33 ശതമാനം ആളുകൾക്ക് പ്രമേഹ രോഗം ഉള്ളതായി കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തേണ്ട തുടർ പ്രവർത്തനങ്ങൾ/പഠനങ്ങൾ എന്തൊക്കെ?

16. ഒരു പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ നടത്തിയ പഠനത്തിൽ 60 വയസ്സിന് മുകളിലുള്ള 50% സ്ത്രീകളും വിധവകളാണെന്ന് മനസ്സിലായി. എന്നാൽ പുരുഷൻമാരിൽ ഈ ശതമാനം 5 ആണ്. ഈ കണക്ക് ഉപയോഗിച്ച് ഗുണാത്മകവും ഗണാത്മകവുമായ എന്തൊക്കെ തരം പഠനങ്ങൾ നടത്താൻ കഴിയും? ഒരു ഗവേഷണ രൂപ രേഖ നിർമ്മിക്കുക.

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

ശ്രേഷ്ഠം മലയാളം

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU DS 7105

**എം. എ. വികസനപഠനവും തദ്ദേശവികസനവും**

# സാമൂഹിക ഗവേഷണരീതികൾ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വ്യാഖ്യാന വാദം (Interpretivism)
2. പോസിറ്റീവിസം
3. പ്രായോഗികതാവാദം
4. ജ്ഞാന സിദ്ധാന്തം
5. വൈരുദ്ധ്യാത്മക വാദം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഗുണാത്മകവും ഗണാത്മകവുമായ ഗവേഷണരീതികളുടെ അടിസ്ഥാന വ്യത്യാസം എന്ത്?
7. ഏക സമ്മിശ്ര, ബഹുതല രീതികൾ എന്നിവ എന്തെന്ന് എഴുതുക ഗവേഷണത്തിൽ ഇതിൽ ഏത് രീതിയാണ് സ്വീകരിക്കുക.
8. എന്താണ് ടൈം സീരിസ് ക്രോസ് സെക്ഷൻ പാനൽ ദത്തങ്ങൾ തമ്മിലുള്ള വ്യത്യാസം? ഉദാഹരണ സഹിതം വ്യക്തമാക്കുക.
9. ഗണാത്മകപഠനത്തിലെ സാംപ്ലിങ് രീതികൾ വിവരിക്കുക. എപ്പോഴൊക്കെ സിംപിൾ റാൻഡം സാംപ്ലിങ് ഉപയോഗിക്കാൻ കഴിയും.
10. നിങ്ങളുടെ പഞ്ചായത്തിലെ വിവിധ സാമൂഹിക ശ്രേണിയിലുള്ള വ്യക്തികളുടെ സാമ്പത്തികാവസ്ഥയെക്കുറിച്ച് പഠിക്കണമെങ്കിൽ ഏതു സാംപ്ലിങ് രീതിയാണ് ഉപയോഗിക്കുക എന്തുകൊണ്ട്?
11. എന്താണ് ശരാശരി? ശരാശരി കണക്കാക്കാനുള്ള വ്യത്യസ്ത മാർഗങ്ങൾ എന്തൊക്കെ? അവയുടെ ഉപയോഗം എന്തിനൊക്കെ?
12. ശരാശരിയിൽ നിന്നുള്ള വ്യതിയാനം (deviation) കണക്കാക്കുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെ? എന്തിനുവേണ്ടിയാണ് വ്യതിയാനം കണക്കാക്കുന്നത്?
13. നിങ്ങളുടെ പഞ്ചായത്തിലെ രണ്ട് വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളിലെ ആളുകൾക്കിടയിൽ നടത്തിയ ഒരു സർവ്വേയിൽ നിന്നും ലഭിച്ച ദിവസ വരുമാനത്തിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു. ഈ ദത്തം ഉപയോഗിച്ച് എന്തെല്ലാം വിശകലനങ്ങൾ നിങ്ങൾക്ക് നടത്താൻ കഴിയും?

പട്ടിക

| എ | ബി |
|---|---|
| 376 | 286 |
| 257 | 365 |
| 400 | 780 |
| 670 | 670 |
| 500 | 268 |

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU DS 7206

## എം. എ. വികസനപഠനവും തദ്ദേശവികസനവും

# സൂക്ഷ്മസാമ്പത്തികശാസ്ത്രരീതികൾ

സമയം: **3** മണിക്കൂർ മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കുത്തക മത്സരവുമായി ബന്ധപ്പെട്ട അധിക ശേഷിയെക്കുറിച്ച് ഒരു ലഘു വിവരണം നൽകുക.
2. എന്താണ് ലിക്വിഡിറ്റി ട്രാപ്പ്?
3. നാഷ് (Nash) സന്തുലിതാവസ്ഥയെ നിർവ്വചിക്കുക.
4. എന്താണ് MRTS ?
5. മോറൽ ഹസാർഡ് (Moral Hazard) നിർവ്വചിക്കുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നെഗറ്റീവും പോസിറ്റീവുമായ ബാഹ്യഘടകങ്ങളുമായി ബന്ധപ്പെട്ട കാര്യക്ഷമതയില്ലായ്മയെ ഉചിതമായ ഡയഗ്രാമുകൾ ഉപയോഗിച്ച് താരതമ്യം ചെയ്യുക.
7. അനുമാന വ്യതിയാന (Conjectural Variation) ത്തിന്റെ പങ്ക് ചർച്ച ചെയ്യുക.
8. ഉൽപാദക സാധ്യത കർവ്വ് എന്ന ആശയം ചർച്ച ചെയ്യുക.
9. സാമ്പത്തിക യുക്തിയുമായി ബന്ധപ്പെട്ട ചില വിശകലന ആശയങ്ങൾ വിശദീകരിക്കുക.
10. കോബ്-ഡഗ്ലസും (Cobb-Douglas), CES ഉൽപ്പാദന പ്രവർത്തനങ്ങളും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം എന്തൊക്കെയാണ്?



11. കാർഡിനൽ യൂട്ടിലിറ്റി സിദ്ധാന്തത്തിന്റെ അനുമാനങ്ങൾ എന്തൊക്കെയാണ്?
12. പൊതു സന്തുലിതാവസ്ഥയുടെ വാൽറസിയൻ രൂപീകരണത്തെയും പരിഹാരത്തെയും വിശദമാക്കുക.
13. എന്താണ് എഡ്ജ്വർത്ത് ബോക്സ്? ഒരു ഡയഗ്രത്തിന്റെ സഹായത്തോടെ വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഉൽപ്പാദന പ്രക്രിയയെ അനുഭവപരമായി നോക്കിക്കാണുന്ന പ്രധാന സൈദ്ധാന്തിക ഉൾക്കാഴ്ചകളെ പരിശോധിക്കുക.
15. പണപ്പെരുപ്പവും തൊഴിലില്ലായ്മയും തമ്മിലുള്ള ബന്ധം വിമർശനാത്മകമായി വിലയിരുത്തുക.
16. ഒരു സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയിലും സമ്മിശ്ര സമ്പദ്വ്യവസ്ഥയിലും കമ്പോള സമ്പദ്വ്യവസ്ഥയിലെ വിഭവ വിഹിതത്തിന്റെ രീതികൾ വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU DS 7207

**എം. എ. വികസനപഠനവും**
**തദ്ദേശവികസനവും**

# വികേന്ദ്രീകരണം കേരളത്തിൽ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഇന്ത്യൻ ഭരണഘടന അനുച്ഛേദം 243

2. പങ്കാളിത്ത ജനാധിപത്യം

3. സെൻ കമ്മിറ്റി റിപ്പോർട്ട്

4. വികസന പഠനവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് അക്കാദമിക ജർണലുകളുടെ പേര് എഴുതുക.

5. കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. അധികാര വികേന്ദ്രീകരണത്തിന്റെ വ്യാപ്തിയെ മനസ്സിലാക്കുന്ന ഘടകങ്ങൾ ഏതൊക്കെ? വിശദീകരിക്കുക.

7. ഇന്ത്യൻ ഭരണഘടനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും : 73- മത് ഭരണഘടനാ ഭേദഗതിയെ മുൻനിർത്തി വിശദീകരിക്കുക.

8. രാഷ്ട്രീയവും ധനപരവുമായ വികേന്ദ്രീകരണത്തെക്കുറിച്ച് വിമർശനാത്മകമായി വിലയിരുത്തുക.

9. വികേന്ദ്രികൃത ആസൂത്രണത്തിൽ ജില്ലാതല ആസൂത്രണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശകലനം ചെയ്യുക.

10. റെലഗൺ സിദ്ദി (Relegen Siddhi)പ്രാദേശിക വികസന മാതൃകയെ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.



11. ഇന്ത്യയിലെ പഞ്ചായത്ത് രാജ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ ഗാന്ധിയനാശയങ്ങൾക്കും പ്രയോഗങ്ങൾക്കുമുള്ള സ്വാധീനം വിശദമാക്കുക.

12. ഇന്ത്യൻ സാമൂഹിക വ്യവസ്ഥയും അധികാര കേന്ദ്രീകരണത്തിന്റെൻപ്രാധാന്യവും ചർച്ച ചെയ്യുക.

13. വികസനത്തിലെ ജനാധിപത്യ ഉള്ളടക്കത്തെ വിപുലപ്പെടുത്തുന്നതിൽ ജുർഗൻ ഹെബർമാസി (Jurgen Hebermas)ന്റെ 'പൊതുമണ്ഡലം' എന്ന ആശയം എത്രത്തോളം അനുയോജ്യമാണ്- വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജനാധിപത്യ പ്രക്രിയയും അതിന്റെ പ്രയോഗവും വിപുലപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കിനെ മുൻനിർത്തി ഉപന്യസിക്കുക

15. വികേന്ദ്രീകരണ വികസന ആസൂത്രണം നേരിടുന്ന വെല്ലുവിളികൾ: ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക ഘടനയെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്യുക.

16. കേരളത്തിന്റെ വികസനവും വികസന പ്രതിസന്ധികളും: ജനകീയാസൂത്രണ പ്രസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തി ഉപന്യസിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU DS 7208

**എം. എ. വികസനപഠനവും**
**തദ്ദേശവികസനവും**

## സ്ഥൂലസാമ്പത്തികരീതികൾ

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ശേഖരവും പ്രവാഹവും
2. ഉപഭോഗ ചോദനം
3. ഗുണകം (Multiplier)
4. ഇൻസൈഡ് ഔട്ട് സൈഡ് മണി
5. അടവ് ശിഷ്ടം (BoP)

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. അടവ് ശിഷ്ടത്തിന്റെ മോണിറ്ററിസ്റ്റ് അപഗ്രഥനം വിശദീകരിക്കുക.
7. കെയ്നീഷ്യൻ വരുമാന ഉപഭോഗ ബന്ധം വിശദീകരിക്കുക.
8. നിക്ഷേപചോദനം കെയ്നീഷ്യൻ രീതിയിൽ ചർച്ച ചെയ്യുക.
9. ജീവിത ചക്രവരുമാന കൽപ്പന എന്താണെന്ന് വിശദീകരിക്കുക.
10. ISLM മാതൃക ഗവൺമെന്റ് സെക്ടർ ഉൾപ്പെടുത്തികൊണ്ട് വിശദീകരിക്കുക.
11. ഉയർന്ന ശേഷിയുള്ള പണവും, പണഗുണകവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.



12. ടോമ്പിനിന്റെ പോർട്ട്ഫോളിയോ സമീപനം ചർച്ച ചെയ്യുക.
13. പറ്റിൻങ്കിന്റെ റിയൽ ബാലൻസ് പ്രഭാവം വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ISLM മാതൃക കെനീഷ്യൻ ക്ലാസിക്കൽ രീതികളിൽ താരതമ്യം ചെയ്യുക.
15. ഫ്രീഡ്മാന്റെ ആധുനിക അളവ് സിദ്ധാന്തം വിശദീകരിക്കുക.
16. മുണ്ടൽ ഫ്ളെമിങ്ങ് മാതൃക ചർച്ച ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU DS 7209

**എം. എ. വികസനപഠനവും തദ്ദേശവികസനവും**

# സാമൂഹ്യനീതിയും സാമൂഹികപുറംതള്ളലും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വിതരണ നീതിയെ നിർവചിക്കുക
2. Phenomenology of spirit എന്ന കൃതിയെക്കുറിച്ച് ഒരു ലഘു വിവരണം നൽകുക.
3. സാമൂഹ്യനീതിയെ നിർവചിക്കുക.
4. എന്താണ് സാമൂഹിക വർഗ്ഗീകരണം? (Social Stratification)
5. Horizontal Oppression എന്താണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ബി. ആർ. അംബേദ്കറിന്റെ സാമൂഹ്യനീതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിശദമാക്കുക.
7. നീതിയെക്കുറിച്ചുള്ള റൗൾസിയൻ ആശയം പരിശോധിക്കുക.
8. സാമൂഹ്യ നീതിയുടെ അടിസ്ഥാനങ്ങൾ നിർവചിക്കുക.
9. റോബർട്ട് നോസിക്കിന്റെ അവകാശ സിദ്ധാന്തങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക,
10. സമത്വവാദം എന്നത് കൊണ്ട് എന്താണ് നിങ്ങൾ മനസ്സിലാക്കുന്നത്?
11. പുത്തൻ സാമ്പത്തിക നയങ്ങൾ ജാതി അടിസ്ഥാനത്തിലുള്ള വിവേചനവും ഒഴിവാക്കലും ഇല്ലാതാക്കേണ്ടതുണ്ടോ? വിശദമാക്കുക.



12. പൗരത്വ ഭേദഗതി നിയമത്തെ വിമർശനാത്മകമായി വിലയിരുത്തുക.
13. നീതിയെക്കുറിച്ചുള്ള അർത്ഥസിദ്ധാന്തം വിമർശനാത്മകമായി വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യൻ ഭരണഘടനയിലെ നീതിയുടെ തത്വങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക.
15. മനുഷ്യവികസനം, സാമൂഹിക സമത്വം, ശാക്തീകരണം എന്നിവ തമ്മിലുള്ള ബന്ധത്തെ ഉദാഹരണ സഹിതം ഉപന്യസിക്കുക..
16. വിവേചനം തടയുന്നതിനും സാമൂഹിക നീതി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഭരണഘടനാ വ്യവസ്ഥകളിൽ മൗലികാവകാശങ്ങൾക്കായുള്ള അംബേദ്കറുടെ ശ്രമങ്ങൾ ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU DS 7210

**എം. എ. വികസനപഠനവും**
**തദ്ദേശവികസനവും**

## ജനാധിപത്യ അനുഭവങ്ങൾ ഇന്ത്യയിലും കേരളത്തിലും

സമയം: 3 മണിക്കൂർ    മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ജോൺ റോൾസ്
2. ജനാധിപത്യത്തിന്റെ അഥിനിയൻ മാതൃക.
3. ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം 324.
4. Political Order and Political Decay: From the Industrial Revolution to the Globalization of Democracy- എന്ന കൃതിയുടെ കർത്താവ്.
5. ആന്റണി ഗിഡൻസ്.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യയുടെ ജനാധിപത്യ ഉള്ളടക്കത്തെ വിപുലപ്പെടുത്തുന്നതിൽ പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ പങ്ക്: കുറിപ്പ് തയ്യാറാക്കുക.
7. പൗരത്വവും ഇന്ത്യൻ ഭരണഘടനയും.
8. സ്വാതന്ത്ര്യം, വികസനം, നീതി: അമർത്യ സെന്നിന്റെ കാഴ്ചപ്പാടിനെ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.
9. പൗരത്വവും ഉദാരവാദ പ്രത്യയ ശാസ്ത്രവും : ലഘു ഉപന്യാസം തയ്യാറാക്കുക.
10. മനുഷ്യാവകാശവും ജനാധിപത്യ സംവിധാനവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുക.
11. തോമസ് ഹോബ്സ്, ജോൺ ലോക്ക് എന്നീ തത്വചിന്തകരുടെ ജനാധിപത്യ ആശയ അടിത്തറയുടെ സാമ്യതയും ഭിന്നതയും വിശദീകരിക്കുക.



12. ജനാധിപത്യ വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ : സമകാലിക ഇന്ത്യൻ സാഹചര്യത്തെ മുൻനിർത്തി ചർച്ച ചെയ്യുക.
13. നവ ഉദാരവാദ (Neoliberalism) ത്തിലെ ജനാധിപത്യ അംശങ്ങൾ: വിമർശനാത്മകമായി വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. രാഷ്ട്രവും മതവും തമ്മിലുള്ള ബന്ധത്തെ നിങ്ങൾ എങ്ങിനെ വിലയിരുത്തുന്നു: ബഹുസ്വരതയിൽ അധിഷ്ഠിതമായ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു വിശകലനം ചെയ്യുക.
15. ആഗോളവൽക്കരണം രാഷ്ട്രങ്ങളുടെ ജനാധിപത്യ വ്യവസ്ഥയും പരമാധികാരവും ചോദ്യം ചെയ്യപ്പെടുന്നു, പുനർനിർവചനത്തിന് വിധേയമാകുന്നു: ഈ പ്രസ്താവനയോട് നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക.
16. ഇലക്ഷൻ കമ്മീഷനും ഇന്ത്യൻ തെരഞ്ഞെടുപ്പ് പരിഷ്കരണവും: ഉപന്യസിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU DSC 7312

**എം. എ. വികസനപഠനവും തദ്ദേശവികസനവും**

## സാമ്പത്തിക വളർച്ചയും വികസനവും: സിദ്ധാന്തങ്ങൾ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മുതൽമുടക്ക് (Investment)
2. തൊഴിൽ വിഭജനം (Divison of Labour)
3. മിച്ചമൂല്യം (Surplus Labour)
4. സുവർണ്ണ കാലഘട്ടം (Golder Age)
5. പ്രേരക ഗുണാങ്കം (Acclerator Coefficient)

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. എന്താണ് സഞ്ചിത ചോദന പ്രതിസന്ധി (Aggregate Demand Crisis) ഇതിനെ എങ്ങനെ മറികടക്കാം?
7. എന്താണ് റിക്കാഡോയുടെ പാട്ട സിദ്ധാന്തം? ഇതിൽ ലാഭം അപ്രത്യക്ഷമാകുന്നത് എപ്പോൾ? ഗ്രാഫ് സഹിതം വിവരിക്കുക?
8. എന്താണ് സൃഷ്ടിപരമായ തകർക്കൽ (Creative Destruction)?
9. "വികസിത വികസ്വര രാജ്യങ്ങളുടെ വളർച്ചാനിരക്ക് തുല്യമാവും" -സോളോ മാതൃക ഉപയോഗിച്ച് വിശദീകരിക്കുക.
10. മിച്ചമൂല്യം വർദ്ധിപ്പിക്കാനുള്ള വിവിധ രീതികൾ വിശദീകരിക്കുക.
11. എന്താണ് സാങ്കേതിക പദ്ധതികളുടെ തെരഞ്ഞെടുപ്പ്? (Choice of Technique)
12. ആഡംസ്മിത്തിന്റെ സംഭാവനകൾ എന്തെല്ലാം?
13. അന്തർലീന വളർച്ചാ സിദ്ധാന്തം (Endogenous Growth Theory) എന്താണ്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പാസിനേറ്റിയുടെ വളർച്ചാ വിതരണമാതൃക വിശദീകരിക്കുക. ഇതിൽ മിച്ചംവെക്കാനുള്ള സീമാന്ത പ്രവണത (MPS) പൂജ്യം ആകുന്നതിന്റെ പ്രാധാന്യം വിശദീകരിക്കുക.
15. ഹാരോഡ് ഡോമർ മാതൃക വിശദീകരിക്കുക. വളർച്ചാ സന്തുലിതാവസ്ഥ (Moving Equilibrium) ഭംഗപ്പെട്ടാൽ സന്തുലിതാവസ്ഥ സാധ്യമാണോ?
16. എന്താണ് കാൽഡോർ വളർച്ചാ മാതൃക?

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU DSC 7313

## എം. എ. വികസനപഠനവും തദ്ദേശവികസനവും

## ഗ്രാമവികസനവും ഭരണനിർവഹണവും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഇന്ത്യയുടെ ജല മനുഷ്യൻ
2. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്
3. വിവരാവകാശനിയമം
4. ഓംബുഡ്സ് മാൻ
5. മസ്ദൂർ മൻസിൽ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പാരിസ്ഥിതികവിഭവങ്ങളുടെ ശാസ്ത്രീയപരിപാലനം സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് വഴിയൊരുക്കുന്നു- തരുൺ ഭാരത് സംഘിന്റെ ജലസംരക്ഷണപ്രവർത്തനങ്ങളെ മുൻനിർത്തി പരിശോധിക്കുക.
7. ജാഗ്രതാസമിതികളുടെ പ്രവർത്തനലക്ഷ്യങ്ങൾ പരിശോധിക്കുക. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.
8. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജനസൗഹൃദമാക്കുന്നതിൽ ഫ്രണ്ട് ഓഫീസുകൾ വഹിക്കുന്ന പങ്കെന്ത്?
9. ഗ്രാമവികസനവുമായി ബന്ധപ്പെട്ട് കേന്ദ്രതലത്തിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളും സംവിധാനങ്ങളും പരിചയപ്പെടുത്തുക.
10. സാങ്കേതികവിദ്യയുടെ പുരോഗതി ഭരണസംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നുണ്ടോ? ഇൻഫർമേഷൻ കേരളാമിഷന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
11. പഞ്ചായത്തീരാജ് സംവിധാനങ്ങൾ നേരിടുന്ന ധനപരമായവെല്ലുവിളികൾ എന്തെല്ലാം? ഇവ എങ്ങനെ പരിഹരിക്കാം?
12. വിശദീകരിക്കുക- പുര (PURA) പദ്ധതി
13. ഹിവാരെ ബസാർ- റലെഗൻസിദ്ധി മാതൃകകളെ താരതമ്യം ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഗ്രാമവികസനത്തിൽ വന-ജല-ഭൂനയങ്ങൾ പ്രസക്തമാകുന്നതെങ്ങനെ? വിശകലനം ചെയ്യുക
15. സ്വാതന്ത്ര്യത്തിനുശേഷമുള്ള ഇന്ത്യയുടെ ഗ്രാമ വികസനശ്രമങ്ങളിൽ ആദ്യകാല പരീക്ഷണങ്ങളുടെയും പ്രരംഭ പദ്ധതികളുടെയും സ്വാധീനം വിലയിരുത്തുക.
16. ശാക്തീകരണ മാതൃകകൾ എന്നനിലയിൽ സേവ- സൈലന്റ് വാലി-ചിപ്കോ പ്രസ്ഥാനങ്ങളുടെ പ്രസക്തി പരിശോധിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU DSC 7315

**എം. എ. വികസനപഠനവും തദ്ദേശവികസനവും**

# സാമൂഹ്യശാസ്ത്ര ഗവേഷണത്തിലെ അപഗ്രഥന മാതൃകകൾ

സമയം: 3 മണിക്കൂർ

മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ടൈപ്പ് ടു വ്യതിക്രമം
2. അനുമാനം
3. ജീവതത്വശാസ്ത്രം (ontology)
4. ജ്ഞാന ശാസ്ത്രം (epistemology)
5. പ്രമേയ വിശകലനം (thematic analysis)

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നയ വിശകലനത്തിൽ സാമ്പ്രദായിക നേട്ട-കോട്ട വിശകലനം എങ്ങനെയാണ് നടത്തുക.
7. ഗണാത്മക ദത്ത വിശകലനത്തിൽ പരികൽപ്പന പരിശോധനയുടെ ആവശ്യമെന്ത്?
8. വിവരണ വിശകലനം എന്തെന്ന് (Narrative analysis) ഉദാഹരണസഹിതം ചർച്ച ചെയ്യുക.
9. എന്താണ് റിഗ്രഷൻ? ഡമ്മി വാരിയബിൾ റിഗ്രഷൻ എപ്പോഴാണ് ഉപയോഗിക്കുക.
10. ഫിനോമിനോളജിക്കൽ അനാലിസ് ഉദാഹരണ സഹിതം വിശദമാക്കുക.
11. ഒരു ചോദ്യാവലി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുക.
12. എന്താണ് മൾട്ടി കൊളീനിയാരിറ്റി? ഉദാഹരണ സഹിതം വിശദമാക്കുക.
13. ഒരു പ്രദേശത്തെ ജനതയുടെ ജീവിത നിലവാരം മനസ്സിലക്കാനും വ്യത്യസ്ഥ സാമൂഹ്യവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സാമ്പത്തിക വ്യത്യാസം തിരിച്ചറിയാനും വേണ്ടി നടത്തുന്ന ഒരു പഠനത്തിനാവശ്യമായ സാമ്പിൾ രൂപരേഖ തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ടൈപ്പ് 1 വ്യതിക്രമവും ടൈപ്പ് 11 വ്യതിക്രമവും കാലാവസ്ഥ പ്രവചനവുമായി ബന്ധപ്പെടുത്തി താരതമ്യം ചെയ്യുക.
15. ഒരു ഗവേഷണ രൂപരേഖ തയ്യാറാക്കി അതിൽ ഗവേഷണ ചോദ്യങ്ങളും പഠനലക്ഷ്യങ്ങളും തമ്മിൽ എങ്ങനെ ബന്ധപ്പെടുന്നു എന്ന് വിശദമാക്കുക.
16. എന്താണ് സാമ്പ്ളിങ്ങ് എറർ? എന്തുകൊണ്ട് Sampling Error കുറക്കുമ്പോൾ Non Sampling Error കൂടുന്നു. പ്രൊബബിലിറ്റി സാമ്പ്ളിങ്ങിനെ കുറിച്ച് ചർച്ച ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU DSC 7318

## എം. എ. വികസനപഠനവും തദ്ദേശവികസനവും

# കുടിയേറ്റവും വികസനവും

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'പുഷ് ഫാക്ടേഴ്സ് '
2. നോർക്ക
3. ബ്രെയിൻ ഡ്രെയിൻ
4. കമ്മ്യൂട്ടേഷൻ
5. അന്തർദേശീയ കുടിയേറ്റം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. താൽക്കാലികവും സ്ഥിരസ്വഭാവവുമുള്ള കുടിയേറ്റങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുക.
7. കേരളത്തിലേക്കുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റത്തിന്റെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം വിശദീകരിക്കുക.
8. പുഷ്-പുൾ ഘടകങ്ങൾ എപ്രകാരമാണ് കുടിയേറ്റത്തെ സ്വാധീനിക്കുന്നത്.
9. ഗൾഫ് കുടിയേറ്റം കേരളത്തിന്റെ ഉപഭോക്തൃസ്വഭാവത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം.
10. കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികുടിയേറ്റത്തിന്റെ കാരണങ്ങളും സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളും പരിശോധിക്കുക.
11. സമകാലിക സംഭവങ്ങളെ മുൻനിർത്തി കുടിയേറ്റവും പൗരത്വവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.
12. കുടിയേറ്റപഠനവുമായി ബന്ധപ്പെട്ട പ്രധാന വിവരസ്രോതസ്സുകൾ പരിചയപ്പെടുത്തുക.



13. ന്യൂ ഇക്കണോമിക്സ് ഓഫ് ലേബർ മൈഗ്രേഷൻ തിയറി വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാമൂഹികമായ മസ്തിഷ്ക ചോർച്ചയും വ്യക്തിപരമായ മസ്തിഷ്ക നേട്ടവും കുടിയേറ്റങ്ങളിൽ സംഭവിക്കുന്നു. അതുകൊണ്ടുതന്നെ വ്യക്തിപരമായി മസ്തിഷ്കനേട്ടം മാതൃരാഷ്ട്രത്തിന് ഗുണകരമായ വിനിയോഗിക്കാനുള്ള സാധ്യതകൾ കൂടി സൃഷ്ടിക്കപ്പെടുമ്പോഴേ കുടിയേറ്റത്തിന്റെ സാമൂഹിക ഗുണഫലങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ. - വിശകലനം ചെയ്യുക.
15. കുടിയേറ്റം ഒരു സമൂഹത്തിന്റെ പ്രായഘടനയിൽ പ്രതികൂലമായ ഫലങ്ങൾ സൃഷ്ടിക്കുന്നുണ്ടോ? കേരളത്തെ മുൻനിർത്തി പരിശോധിക്കുക.
16. മെച്ചപ്പെട്ട ഉപജീവനമാർഗങ്ങൾക്കുവേണ്ടിയാണ് ആളുകൾ പലപ്പോഴും മറ്റു രാഷ്ട്രങ്ങളിലേക്ക് കുടിയേറുന്നത്. എന്നാൽ അതിഥി രാഷ്ട്രങ്ങളിൽ കുടിയേറി എത്തുന്നവരും തദ്ദേശീയരും തമ്മിൽ ഉപജീവനമാർഗങ്ങൾ പങ്കുവെക്കുന്നതിലുണ്ടാകുന്ന സംഘർഷങ്ങൾ പലപ്പോഴും വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. -നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU DSOE 7322

**എം. എ. വികസനപഠനവും
തദ്ദേശവികസനവും**

# ലിംഗപദവിയും വികസനവും

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ജെൻഡർ റെസപോൺസീവ് ബഡ്ജറ്റ്
2. GDI
3. എന്താണ് ക്യൂർ
4. ലിംഗപദവി
5. ജൻഡർ ഫ്ളൂയിഡ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കുടുംബത്തിലെ തൊഴിൽ വിഭജനം സാമ്പത്തിക ശസ്ത്രത്തിന്റെ ചട്ടക്കൂടിൽ നിന്നു കൊണ്ട് വിശകലനം ചെയ്യുക.
7. പീഡനങ്ങളുടെ ചെലവ് കണക്കാക്കുന്നതിന്റെ ആവശ്യമെന്ത്?
8. ലിംഗപദവി വ്യത്യാസം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും. ഇന്ത്യൻ സാഹചര്യത്തിൽ വിശകലനം ചെയ്യുക.
9. കേരളത്തിന്റെ ട്രാൻസ് ജൻഡർ നയം വിമർശനാത്മകമായി വിലയിരുത്തുക.
10. സമയ ഉപയോഗ സർവെയുടെ പ്രാധാന്യം വിശദീകരിക്കുക.
11. ഗാർഹിക പീഡന നിരോധന നിയമത്തെ വിമർശനാത്മകമായി വിലയിരുത്തുക.
12. POSH act
13. തുല്യ വേതന നിയമം



**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സ്ത്രീധന നിരോധന നിയമം കേരളത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക.
15. കുടുംബത്തിന്റെ വിഭവ പങ്കിടലിൽ ആണധീശത്വത്തിന്റെ പങ്ക് വിശകലനം ചെയ്യുക.
16. സ്ത്രീകളും സുസ്ഥിര വികസന ലക്ഷ്യവും ചർച്ച ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUDS E 7423

## എം. എ. വികസനപഠനവും
## തദ്ദേശവികസനവും

# ഇന്ത്യൻ സമ്പദ്ഘടന

സമയം: **3** മണിക്കൂർ — മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. നീതി ആയോഗ്
2. ഉൾചേർന്ന വികസനം
3. ഹരിത വിപ്ലവം
4. പഞ്ചവത്സര പദ്ധതികൾ
5. അസമത്വം.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യയിൽ ഉൾച്ചേർന്ന വളർച്ചാതന്ത്രം സ്വീകരിക്കാനുള്ള പ്രധാന കാരണങ്ങൾ വിശദീകരിക്കുക.
7. ഇന്ത്യയിലെ കാർഷികരംഗത്തെ പുതിയ നിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
8. സ്വാതന്ത്ര്യ കാലഘട്ടത്തിലെ ഇന്ത്യയിലെ സമ്പദ് ഘടനയെക്കുറിച്ച് ചർച്ച ചെയ്യുക.
9. 'സമ്പദ് ഘടനയുടെ സുതാര്യമായ വളർച്ചക്ക് ആസൂത്രണം ആവശ്യമാണ്' ചർച്ച ചെയ്യുക.
10. 1991-ലെ പരിഷ്കരണത്തിന് ശേഷമുള്ള ഇന്ത്യയിലെ സാമ്പത്തിക വളർച്ചയെക്കുറിച്ച് ചർച്ച ചെയ്യുക.
11. ദാരിദ്ര്യം ദുരീകരിക്കുന്നതിൽ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.
12. ഇന്ത്യയിലെ കാർഷിക മേഖലയിൽ ഹരിത വിപ്ലവം വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുക.



13. വളർന്നുവരുന്ന സാമ്പത്തിക ശക്തി എന്ന നിലയിൽ ഇന്ത്യയിലെ ദാരിദ്ര്യത്തേയും അസമത്വത്തേയും കുറിച്ച് ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വിവിധ പഞ്ചവത്സര പദ്ധതി കാലയളവിലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഘടനാപരമായ മാറ്റങ്ങൾ ചർച്ച ചെയ്യുക.
15. ഹൈകോസ്റ്റ് ഇക്കോണമി എന്ന നിലയിൽ ഇന്ത്യൻ സമ്പദ് ഘടനയെ വിമർശനാത്മകമായി നോക്കി കാണുക.
16. വികസനത്തിൽ ഇന്ത്യയുടെ സ്ഥാനം വളർച്ച വികസന സൂചികകളുടെ സഹായത്തോടെ വ്യക്തമാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUDS E 7424

**എം. എ. വികസനപഠനവും**
**തദ്ദേശവികസനവും**

# കേരളത്തിന്റെ സമ്പദ്ഘടന

സമയം: 3 മണിക്കൂർ 	മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ആപേക്ഷിക ദാരിദ്ര്യം
2. GSDP
3. ദ്വിതീയ മേഖല
4. വികേന്ദ്രീകരണം
5. കേരള വികസന മാതൃക

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്?
7. അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിശോധിക്കുക.
8. അസമത്വം, തൊഴിലില്ലായ്മ ഇവയുടെ പ്രവണത കേരള സമ്പദ്ഘടനയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.
9. ഗൾഫ് കുടിയേറ്റം കേരളത്തിലെ സാമൂഹിക സാമ്പത്തിക രംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ വിശദീകരിക്കുക.
10. കേരളം നേരിടുന്ന പ്രധാന സമകാലിക സാമൂഹിക പ്രശ്നങ്ങൾ പരിശോധിക്കുക.
11. 1956 മുതലുള്ള കേരള സമ്പദ്ഘടനയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ വിലയിരുത്തുക.



12. പാർശ്വവൽകൃത വിഭാഗം എന്ന നിലയിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ചർച്ച ചെയ്യുക.
13. കേരളത്തിൽ സേവനമേഖലക്ക് മുൻതൂക്കം ലഭിക്കാനുള്ള കാരണങ്ങൾ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുവാൻ കേരള സമ്പദ്ഘടനക്ക് കഴിഞ്ഞിട്ടുണ്ടോ? ചർച്ച ചെയ്യുക.
15. കേരള സമ്പദ്ഘടനയിലെ വികസന വൈരുദ്ധ്യങ്ങൾ ചർച്ച ചെയ്യുക.
16. 1991 ലെ പരിഷ്കരണങ്ങൾ കേരള വികസനത്തിൽ ചെലുത്തിയ സ്വാധീനം പരിശോധിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUDS E 7426

**എം. എ. വികസനപഠനവും തദ്ദേശവികസനവും**

# രാഷ്ട്രീയം, ഭരണഘടന, ഭരണനിർവഹണം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഇന്ത്യൻ ഭരണഘടനയുടെ 86-ാം ഭേദഗതിയും അനുഛേദം 21 എയും എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
2. സുപ്രീം കോടതി ജഡ്ജിമാരെ തിരഞ്ഞെടുക്കാനുള്ള സംവിധാനം എന്ത് പേരിൽ അറിയപ്പെടുന്നു?
3. അമർത്യസെൻ മുന്നോട്ടുവെക്കുന്ന രാഷ്ട്രസങ്കല്പം എന്താണ്?
4. പട്ടികവർഗ്ഗ സ്വയംഭരണത്തിനുള്ള ഭരണഘടനാവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഷെഡ്യൂൾ?
5. കേശവാനന്ദ ഭാരതി കേസ്.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യയിൽ ഭരണനിർവ്വഹണത്തിൽ ജില്ലാ ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട ചുമതലകൾ എന്താണ്?
7. ജുഡീഷ്യൽ റിവ്യൂ, ജുഡീഷ്യൽ ആക്റ്റിവിസം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.
8. ലോക്സഭാ സ്പീക്കറുടെ പ്രധാന അധികാരങ്ങളും ചുമതലകളും എന്താണ്?
9. 42-ാം ഭരണഘടനാഭേദഗതി.
10. ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരമുള്ള അധികാര വിഭജനത്തിന്റെ പ്രത്യേകതകൾ എന്താണ്?



11. ഫെഡറൽ ഭരണസംവിധാനവും യൂണിറ്ററി ഭരണസംവിധാനവും താരതമ്യം ചെയ്യുക.
12. പ്രധാനപ്പെട്ട മൂന്ന് സാമൂഹ്യ ഉടമ്പടി സിദ്ധാന്തങ്ങളുടെ പ്രത്യേകതകൾ ചുരുക്കി എഴുതുക.
13. ഇന്ത്യൻ ഭരണഘടനാ പ്രകാരം പൗരന്റെ മൗലിക കടമകൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേന്ദ്ര - സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ GST നിയമം മൂലമുണ്ടായ പ്രത്യാഘാതങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക.
15. ക്ഷേമ രാഷ്ട്ര സങ്കല്പവും നവ ലിബറൽ രാഷ്ട്രസങ്കല്പവും താരതമ്യം ചെയ്യുക. ഇവ തമ്മിലുള്ള പ്രധാന വൈരുദ്ധ്യങ്ങൾ വിശദീകരിക്കുക.
16. പട്ടികവർഗ്ഗ സ്വയംഭരണ സംരക്ഷണത്തിലുള്ള പ്രധാന ഭരണഘടനാ വ്യവസ്ഥകൾ ഉദാഹരണസഹിതം വിശദമാക്കുക.

******